No.CEE/4050/2016/KEAM-2017/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

# കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശനപ്പരീക്ഷ-2017
# പരീക്ഷാർത്ഥികളുടെ ശ്രദ്ധയ്ക്ക്

2017-ലെ കേരള എഞ്ചിനീയറിംഗ് /ഫാർമസി പ്രവേശനപ്പരീക്ഷ 2017 ഏപ്രിൽ 24, 25 തീയതികളിലായി കേരളത്തിലെ 14 ജില്ലകളിലും, ഡൽഹി, മുംബൈ, ദുബായ് എന്നിവിടങ്ങളിലുമായി 311 കേന്ദ്രങ്ങളിൽ വച്ച് നടക്കുന്നതാണ്. 2017–18 അധ്യയനവർഷത്തെ കേരളത്തിലെ എഞ്ചിനീയറിംഗ് പ്രവേശനം, എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷയിലെ സ്കോറിനും യോഗ്യതാപരീക്ഷയിൽ കണക്ക്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ ലഭിച്ച മാർക്കിനും തുല്യപ്രാധാന്യം നൽകിക്കൊണ്ട് തയ്യാറാക്കുന്ന എഞ്ചിനീയറിംഗ് റാങ്ക്ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും. ആയതിനാൽ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ അപേക്ഷകരും എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയുടെ രണ്ട് പേപ്പറുകളും എഴുതിയിരിക്കേണ്ടതാണ്. കേരളത്തിലെ സർക്കാർ ഫാർമസി കോളേജുകളിൽ ബി.ഫാം, ഫാം.ഡി എന്നീ കോഴ്സുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഏപ്രിൽ 24- ന് നടക്കുന്ന എഞ്ചിനീയറിംഗ് പേപ്പർ I (ഫിസിക്സ് & കെമിസ്ട്രി) എഴുതേണ്ടതാണ്. പരീക്ഷാദിവസങ്ങളിൽ വിദ്യാർത്ഥികൾ രാവിലെ 9.30–ന് മുൻപ് തന്നെ പരീക്ഷാകേന്ദ്രങ്ങളിൽ എത്തേണ്ടതാണ്. പ്രവേശനാപരീക്ഷാ കമ്മീഷണർ ഓൺലൈനായി നൽകിയിട്ടുള്ള അഡ്മിറ്റ്കാർഡിന്റെ കളർ പ്രിന്റൗട്ട് ഹാജരാക്കുന്നത് പരീക്ഷാ ഹാളിൽ വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിന് സഹായകരമാകും. അഡ്മിറ്റ് കാർഡ് ഇല്ലാത്ത വിദ്യാർത്ഥികളെ ഒരു കാരണവശാലും പരീക്ഷാഹാളിൽ പ്രവേശിപ്പിക്കുന്നതല്ല. അപേക്ഷയിലെ അപാകത മൂലം അഡ്മിറ്റ് കാർഡ് തടഞ്ഞുവയ്ക്കപ്പെട്ടിരുന്ന ഏതാനും വിദ്യാർത്ഥികളുടെ അഡ്മിറ്റ് കാർഡുകൾ ഉപാധികളോടെ ലഭ്യമാക്കിയിട്ടുണ്ട്. അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാത്ത വിദ്യാർത്ഥികൾ എത്രയും പെട്ടെന്ന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. പരീക്ഷാഹാളിൽ വിദ്യാർത്ഥികളും ഇൻവിജിലേറ്റർമാരും മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. നീലയോ, കറുപ്പോ മഷിയുള്ള ബോൾപോയിന്റ് പേന ഒഴികെ മറ്റ് വസ്തുക്കൾ വിദ്യാർതഥികൾ പരീക്ഷാഹാളിൽ കൊണ്ടുപോകുന്നത് പരീക്ഷാക്രമക്കേടായി കണക്കാക്കുന്നതാണ്.

തിരുവനന്തപുരം.
22.04.2017

പ്രവേശന പരീക്ഷാ കമ്മീഷണർ